Draft #1 of File 80855/P&D 2-1/2026/P&D 2 Approved by ASSISTANT REGISTRAR III (ADMIN) on 18-Sep-2026 11:25 AM - Page 1

**മഹാത്മാഗാന്ധി സർവകലാശാല, കേരളം**

**സംഗ്രഹം**

സർവകലാശാലയ്ക്ക് ബാഹ്യ ഫണ്ടിംഗ് ഏജൻസികളിൽ നിന്നും അനുവദിക്കപ്പെട്ട ഗവേഷണ ഗ്രാന്റുകൾ, ഫെല്ലോഷിപ്പുകൾ, സമാനമായ തുകകൾ എന്നിവ വിട്ടുനൽകുന്നതിനോ കൈമാറ്റം ചെയ്യുന്നതിനോ ഉള്ള അനുമതി - സാമ്പത്തിക പരിധികൾ പരിഗണിക്കാതെ വൈസ് ചാൻസലറെ ചുമതലപ്പെടുത്തുന്നത് സംബന്ധിച്ച 21.08.2026 തീയതിയിലെ സിൻഡിക്കേറ്റ് യോഗ തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പ്ലാനിംഗ് & ഡവലപ്മെന്റ് 2**

നമ്പർ. 8344/P&D 2/2026/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 18.09.2026

---

*പരാമർശം:*-21.08.2026 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് (ഇനം നം. ഒ.എ : 9/26.08).

**ഉത്തരവ്**

പരാമർശപ്രകാരം 21.08.2026 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം, ബാഹ്യ ഫണ്ടിംഗ് ഏജൻസികളിൽ നിന്നും അനുവദിക്കപ്പെട്ട ഗവേഷണ ഗ്രാന്റുകൾ, ഫെല്ലോഷിപ്പുകൾ, സമാനമായ തുകകൾ എന്നിവ വിട്ടുനൽകുന്നതിനോ കൈമാറ്റം ചെയ്യുന്നതിനോ ഉള്ള അനുമതി സംബന്ധിച്ച വിഷയം പരിഗണിക്കുകയും ചുവടെ ചേർക്കും വിധം തീരുമാനിക്കുകയുമുണ്ടായി :-

"യുജിസി, സി എസ് ഐ ആർ, ഐ സി എസ് എസ് ആർ, റൂസാ തുടങ്ങിയ ബാഹ്യ ഫണ്ടിംഗ് ഏജൻസികളിൽ നിന്നും ഗവേഷണ - ഗവേഷണേതര ആവശ്യങ്ങൾക്ക് പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർമാർക്കു കൈമാറുന്നതിനായി സർവകലാശാലയ്ക്ക് നൽകുന്ന ഫണ്ടുകൾ കൈമാറുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി, തുക വൈസ് ചാൻസലർക്ക് അനുമതി നൽകാവുന്ന പരിധിക്കു മുകളിലാണെങ്കിൽ കൂടി ബന്ധപ്പെട്ട പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ/കോ-ഓർഡിനേറ്റർക്ക് നൽകുന്നതിന് വൈസ് ചാൻസലറെ അധികാരപ്പെടുത്തുന്നതിനു തീരുമാനിച്ചു."

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

കൃഷ്ണകുമാർ ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 3 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട സെക്ഷനുകൾ / വകുപ്പുകൾ / സെന്ററുകൾ
2. വി. സി യുടെ പി. എസ്
3. രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ - മാർ
4. എ. ആർ III (ഭരണ വിഭാഗം) / ഡി.ആർ (പി &ഡി ) / ജെ.ആർ 1 (ഭരണ വിഭാഗം)
5. എസി.സി 1/ ഐ.ക്യൂ.എ.സി. / പി &ഡി 3 & എസ്. സി / എസ്. ടി സെൽ
6. ഐ.ടി സെൽ /യൂണിവേഴ്സിറ്റി വെബ്സൈറ്റ് /റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 80855/P&D 2-1/2026/P&D 2 Approved by ASSISTANT REGISTRAR III (ADMIN) on 18-Sep-2026 11:25 AM - Page 2

The document is digitally approved. Hence signature is not needed.